"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ഐ.ബി.പി.എം.എസ്. സോഫ്റ്റ് വെയറിൽ ഡിജിറ്റൽ പേയ്മെന്റ് സൗകര്യത്തിനായി നഗരകാര്യ ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യയിൽ കറന്റ് അക്കൗണ്ട് ആരംഭിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

G.O.(Rt)No.737/2021/LSGD തീയതി,തിരുവനന്തപുരം, 21/03/2021

പരാമർശം:- 1 തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ 23/02/2021 തീയതിയിൽ ചേർന്ന യോഗതീരുമാനം.

2 നഗരകാര്യ ഡയറക്ടറുടെ 26/02/2021-ലെ ഡിസി2-8941/2015 നമ്പർ കത്ത്.

**ഉത്തരവ്**

നഗരസഭകളിൽ കെട്ടിടനിർമാണ പെർമിറ്റുകൾ ഓൺലൈനായി നല്കുന്നതിനുവേണ്ടി വികസിപ്പിച്ച ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐ.ബി.പി.എം.എസ്.) സോഫ്റ്റ് വെയറിൽ ഡിജിറ്റൽ പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി നഗരകാര്യ ഡയറക്ടറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിക്കണമെന്ന് പരാമർശം(1) പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആൽത്തറ ജംഗ്ഷൻ ശാഖയിൽ നഗരാകാര്യ ഡയറക്ടറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് (Account No.4005034724-1) ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരസഭകളിൽ കെട്ടിടനിർമാണ പെർമിറ്റുകൾ ഓൺലൈനായി നല്കുന്നതിനായി വികസിപ്പിച്ച ഐ.ബി.പി.എം.എസ്. സോഫ്റ്റ് വെയറിൽ ഡിജിറ്റൽ പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി നഗരകാര്യ ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആൽത്തറ ജംഗ്ഷൻ ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് (Account No.4005034724-1) ആരംഭിച്ച നടപടി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARIKUMAR.A.S.
UNDER SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആൽത്തറ ജംഗ്ഷൻ ശാഖ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ.)/ജി.എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by MANJULA G
Date: 2021.03.22 11:33:11 IST
Reason: Approved

സെക്ഷൻ ഓഫീസർ